ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

നം. എഡി.സി2/51399/2014 തീയതി : 19/11/2014

സർക്കുലർ

വിഷയം: ഹ.സെ.വി – ജീവനക്കാര്യം – അദ്ധ്യാപകരുടെ വിവിധ അപേക്ഷകൾ ആമുഖ കത്തു സഹിതം സമർപ്പിക്കുന്നത് സംബന്ധിച്ച്

സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിലെ വിവിധ ആവശ്യങ്ങളുമായി ബന്ധപ്പെട്ടു സമർപ്പിക്കുന്ന അപേക്ഷകളിൽ പലതും അദ്ധ്യാപകർ നേരിട്ട് അയക്കുന്നതായി കണ്ടുവരുന്നു. ഹയർസെക്കന്ററി സ്കൂളിന്റെ ഓഫീസ് മേധാവി എന്ന നിലക്ക് അദ്ധ്യാപകരുടെ അപേക്ഷകളെല്ലാം തന്നെ പ്രിൻസിപ്പാൾ മുഖേനയാണ് സമർപ്പിക്കേണ്ടത്. അദ്ധ്യാപകർ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് വ്യക്തമായ ശുപാർശയോടെയാണ് പ്രിൻസിപ്പാൾ മേലാധികാരികൾക്ക് സമർപ്പിക്കേണ്ടത്. ആയതിനാൽ പ്രിൻസിപ്പാളിന്റെ ആമുഖ കത്തു സഹിതമല്ലാതെ ഡയറക്ടറേറ്റിൽ ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല എന്നറിയിക്കുന്നു.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:

എല്ലാ ആർ.ഡി.ഡി മാർക്കും
ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ
ബന്ധപ്പെട്ട അദ്ധ്യാപകർ

22ILL